കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# വാമനപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:** lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 10/2589/2018

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
ഫോൺ 0471-2331231
e-mail- lfadtvm@yahoo.in
dotvm.ksad@kerala.gov.in

തീയതി : 8.2.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
വാമനപുരം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- വാമനപുരം ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്, 4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. **10/2589/2018**

തീയതി **: 8.2.2019**

## തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാജൻ ലാൽ.എസ്.ജെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.112018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.സനിൽ.എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | 2. ശ്രീമതി ലതാകുമാരി.എം.<br>ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീമതി ബിന്ദു.ഓ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 4. ശ്രീ. എസ്.സുജേഷ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5. ശ്രീ. പ്രകാശ് കൃഷ്ണൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ദേവദാസ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീമതി സൈമ | 01-04-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുജ.എസ്.എൽ | 01-04-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീ.സുബി.വി.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശാരിക.ജെ.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ലൗലി | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീമതി.ശ്രീജ | 01-06-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.പി.ജി.അന്തൃപ് | 01-04-2017 മുതൽ 15-05-2017 വരെ |
| | ഡോ.രേഖ.എ.വർഗ്ഗീസ് | 16-05-2017 മുതൽ 08-06-2017 വരെ |
| | ഡോ.പി.ജി.അന്തൃപ് | 09-06-2017 മുതൽ 04-07-2017 വരെ |
| | ഡോ.രേഖ.എ.വർഗ്ഗീസ് | 05-07-2017 മുതൽ 14-09-2017 വരെ |
| | ഡോ.പി.ജി.അനന്തൃപ് | 15-09-2017 മുതൽ 18-10-2017 വരെ |
| | ഡോ.രേഖ.എ.വർഗ്ഗീസ് | 19-10-2017 മുതൽ 06-03-2018 വരെ |
| | ഡോ.ഷിബു.പി.കെ | 07-03-2018 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജാക്വലിൻ ദീലീപ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീമതി.സുജാത കുമാരി | 01-04-2017 മുതൽ 08-09-2017 വരെ |
| | ശ്രീമതി.ദീപ്തി.ബി.എൻ | 09-09-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.വി.എസ്.അശോക് | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജ്യോതിസ്സ് | 01-04-2017 മുതൽ 27-10-2017 വരെ |
| | ശ്രീമതി.രാധാമണി | 28-10-2017 മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.അജിത് | 01-04-2017 മുതൽ 17-01-2018 വരെ |
| | ഡോ.ശ്രീകുമാർ | 18-01-2018 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.അനിതകുമാർ | 01-04-2017 മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| **ഭാഗം 1** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ | 1-12 | |
| **ഭാഗം 2**<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക – കുടിശ്ശിക തുക അടവാക്കി - ഓഡിറ്റ് - ഇംപാക്ട് | 2-1 | |
| 14 | ഡി ആന്റ് ഓ ലൈസൻസ് -നടപടിക്രമങ്ങളിലെ അപാകതകൾ | 2-2 | |
| 15 | രസീതുകളുടെ കൗണ്ടർ ഫോയിൽ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 2-3 | |
| 16 | ആരോഗ്യ കേരളം പുരസ്കാരം - തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 2-4 | |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-1 | |

| | | | |
|---|---|---|---|
| 18 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | 3-2 | |
| 19 | സേവാ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനം വിലയിരുത്തലിന് വിധേയമാകണം | 3-3 | |
| 20 | ജലശ്രീ -ജില്ലാ പഞ്ചായത്ത് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 | |
| 21 | ജലസേചന പമ്പ്സെറ്റ്- ലക്ഷ്യം കൈവരിച്ചില്ല | 3-5 | |
| 22 | കുടിവെള്ള ടാപ്പുകളുടെ പരിപാലനം- സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-6 | |
| 23 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-7 | |
| 24 | ജാഗ്രതാ സമിതി-പ്രവർത്തനം തൃപ്തികരമല്ല | 3-8 | |
| 25 | പത്താം ക്ലാസ്-ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ, രേഖകൾ ഹാജരാക്കിയില്ല, 98400 രൂപ തടസ്സപ്പെടുത്തുന്നു | 3-9 | |
| 26 | ബയോഗ്യാസ് പ്ലാന്റ്- ലക്ഷ്യം കൈവരിച്ചില്ല | 3-10 | |
| 27 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം പുറപ്പെടുവിച്ചെങ്കിലും നടപ്പിലായില്ല | 3-11 | |
| 28 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നില്ല. | 3-12 | |
| | **ഭാഗം 4** | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 4057349.00 |
| പ്രതീക്ഷിത വരവ് | 358799000.00 |
| ആകെ | 362856349.00 |
| പ്രതീക്ഷിത ചെലവ് | 357878600.00 |
| നീക്കിയിരിപ്പ് | 4977749.00 |

### 1-1-1 *ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല*

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിവരണം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി |
|---|---|---|---|
| 1 | ബജറ്റ് വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 06-06-2017 ന് അംഗീകാരം |
| 2 | നോൺ–പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിംസബർ 15, 2017 ന് മുൻപ് | നടപടി സ്വീകരിച്ചിട്ടില്ല |
| 3 | നോൺ–പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15 ന് മുൻപ് | ഫെബ്രുവരി 2017 |
| 4 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25 ന് മുൻപ് | നടപടി സ്വീകരിച്ചിട്ടില്ല |
| 5 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കലും ക്രോഡീകരണവും | ഫെബ്രുവരി 1 ന് മുൻപ് | മാർച്ച് 8 ന് മുൻപ് |
| 6 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് നിർമ്മാണം | മാർച്ച് 1 ന് മുൻപ് | മാർച്ച് 22 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിന് പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | നടപടി സ്വീകരിച്ചിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 25-03-2017 |

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ അപൂർണ്ണമാണ്. ബജറ്റിലെ വരവ് ചെലവ് വിവരങ്ങളെക്കുറിച്ചുള്ള പൊതുവായ രേഖപ്പെടുത്തൽ മാത്രമേ ഫലയലിൽ ഉള്ളൂ.

**1-1-2** *<u>അനിവാര്യ ചുമതലയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല</u>*

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക 3 എ6 പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലും ആശുപത്രികളിലും മാർക്കറ്റുകളിലും അങ്കണവാടികളിലും വൃദ്ധ സദനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം ഇല്ല എന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിലും പദ്ധതി മാർഗ്ഗരേഖയിലും രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റിലും പ്രസ്തുത മേഖലയിൽ തുക വകയിരുത്തിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

**1-1-3** *<u>അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കൽ</u>*

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചല്ല പ്രതീക്ഷിത വരവ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ വരവും തമ്മിൽ അന്തരം കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 17,00,000/- | 12,67,896/- | (-)432104 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്.

## 1-2 <u>വാർഷിക ധനകാര്യപത്രിക.</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 28.04.2018 | - | - |

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 27-06-2018 മുതൽ 28-06-2018 വരെ | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.10/ 1552/18 തീയതി 05-09-2018 |

## 1-4 <u>സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)</u>

| | | |
|---|---|---|
| മുന്നിരിപ്പ് | : | 5083869.00 |
| വരവ് | : | 60213275.00 |
| ആകെ | : | 65297144.00 |
| ചെലവ് | : | 61607659.00 |
| നീക്കിയിരിപ്പ് | : | 3689485.00 |

## 1-5 <u>ഫണ്ട് വിനിയോഗം (ACR പ്രകാരം)</u>

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12710626 | 12710626 | 12710626 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4792957 | 4792957 | 4792957 | 0 |
| സി.എഫ്.സി | 0 | 5318280 | 5318280 | 5318280 | 0 |
| KLSGDP | 0 | 1723055 | 1723055 | 1723055 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 11266131 | 11266131 | 11226631 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3404135 | 3404135 | 3404135 | 0 |
| ബി ഫണ്ട് | 0 | 481340 | 481340 | 481340 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1723055 | 1723055 | 1723055 | 0 |
| MGNREGS | 1779 | 1843122 | 1844901 | 1844285 | 616 |
| SBT (തനത് ഫണ്ട്) | 3206223 | 8850877 | 12057100 | 8481076 | 3576024 |
| ട്രഷറി റ്റി.എസ്.ബി | 1823024 | 7903000 | 9726024 | 9459569 | 266455 |
| ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി ജോയിന്റ് വെൻചർ | 0 | 1899400 | 1899400 | 2073362 | -173962 |
| ക്യാഷ് | 52843 | 20352 | 73195 | 52843 | 20352 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 63435977 | 99 | 42773190 | 8 | 30 | 72 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 99 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ

നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം നിർവ്വഹണോദ്യോഗസ്ഥ തലത്തിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോ ദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കി യത് | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് | നടപ്പാക്കാ ത്തത് | പൂർത്തീ കരണ ശതമാനം (ചെലവടി-സ്ഥാന ത്തിൽ |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 3977600 | 9 | 3009034 | - | - | 100 (75) |
| 2 | വെറ്റിനറി സർജൻ | 5 | 2318000 | 2 | 1238500 | 2 | 1 | 40 (53) |
| 3 | സെക്രട്ടറി | 15 | 9125094 | 11 | 8127491 | 1 | 3 | 73.33 (89) |
| 4 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 2 | 800000 | 2 | 800000 | - | - | 100 (100) |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 952000 | 2 | 952000 | - | - | 100 (100) |
| 6 | വി.ഇ.ഓ | 9 | 3729400 | 6 | 3051032 | 2 | 1 | 66.66 (81) |
| 7 | എൽ.വി.ഇ.ഓ | 4 | 2448000 | 1 | 2076000 | 3 | 0 | 25 (84.8) |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 2919700 | 3 | 2479737 | 0 | 0 | 100 (84) |
| 9 | അസി. എഞ്ചിനീയർ | 76 | 33287183 | 52 | 17793813 | 0 | 24 | 68 (53) |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 900000 | 1 | 695000 | 0 | 0 | 100 (77) |
| 11 | ഹെഡ്മാസ്റ്റർ | 3 | 1330000 | 2 | 931528 | 0 | 1 | 67 (70) |
| 12 | അസി. സെക്രട്ടറി | 8 | 1649000 | 8 | 1619055 | 8 | 0 | 100 (98) |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1779.21 | 1843467 | 1845246.21 | 1844630 | 616.21 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 26714227 | 26714227 | 26714227 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 243840 | 470 |
| കർഷകതൊഴിലാളി പെൻഷൻ | 6030400 | 489 |
| വിധവാപെൻഷൻ | 15279700 | 1291 |
| വാർദ്ധക്യകാലപെൻഷൻ | 25944300 | 1904 |
| വികലാംഗപെൻഷൻ | 3201000 | 267 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 210000 | 7 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 765200 | 64 |
| ആകെ | 51674440 | 4492 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-2018 രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,613/-രൂപയുടെ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ചു ചേർത്തതിന്റെ മിനിട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിയ്ക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കി കാലികമാക്കിയിട്ടില്ല.

### 1-10-1 ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവനപ്രദാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായകമാണ്.

| | |
|---|---|
| രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകുന്നുണ്ട്. |
| ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഡയറിയുടെ പരിപാലനം തൃപ്തികരമല്ല. നിർദ്ദിഷ്ട മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |

| | |
|---|---|
| ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | പരിപാലിക്കണം |
| ഫോറം വിതരണ രജിസ്റ്റർ പരിപാലിക്കണം | പരിപാലിച്ചിട്ടില്ല |
| സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | പ്രദർശിപ്പിച്ചിട്ടില്ല |
| വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. | രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| ലഭിക്കുന്ന തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം.തൻപതിവേടിൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിട്ടറിംഗ് നടത്തണം | തപാലുകളെല്ലാം വിതരണം ചെയ്യുന്നില്ല. സെക്ഷനുകളിൽ തൻപതിവേട് സൂക്ഷിക്കുന്നില്ല |
| ഫ്രണ്ട് ഓഫീസ് മോണിട്ടറിംഗ് സമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണസമിതിക്ക് നൽകണം | നടപടിക്രമം പാലിച്ചിട്ടില്ല. |

**1-10-2** വിവരാവകാശ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ അനക്ഷർ II മാതൃകയിലല്ല വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത്. വരും വർഷങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

**1-10-3** പൗരാവകാശരേഖ പുതുക്കിയിട്ടില്ല

2010-ന് ശേഷം ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ആയത് പുതുക്കി പ്രസിദ്ധീകരിക്കുവാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

**1-10-4** അതീവ ഗുരുതര പ്രശ്നങ്ങൾക്ക് പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ അതീവ ഗുരുതര മേഖലയിൽ ഉൾപ്പെടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | മേഖല | പ്രശ്നം | പ്രശ്ന പരിഹാര നിർദ്ദേശം |
|---|---|---|---|
| 1 | പൊതു ഭരണവും ധനകാര്യവും | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല | മീറ്ററുകൾ സ്ഥാപിക്കൽ |
| 2 | കൃഷി | ശാസ്ത്രീയമായ മാലിന്യ സംസ്കരണം, ജൈവ വളങ്ങളുടെ ലഭ്യതക്കുറവ് എന്നിവ ജൈവകൃഷിക്ക് തടസ്സമാകുന്നു | ബോധവൽക്കരണ പരിപാടികൾ, ബയോ ഗ്യാസ് പ്ലാന്റുകൾക്ക് ധനസഹായം, ജൈവ വള യൂണിറ്റുകൾക്ക് സഹായം |
| 3 | മൃഗ സംരക്ഷണം, ക്ഷീരവികസനം | രോഗങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ | മരുന്ന് വാങ്ങൽ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ (സംയുക്തം- ജില്ലാ പഞ്ചായത്ത്) |

| | | | |
|---|---|---|---|
| 4 | മാലിന്യ നിർമ്മാർജ്ജനം | മാലിന്യ സംസ്കരണത്തിനും വിപണനത്തിനും സൗകര്യമില്ലായ്മ | ബയോഗ്യാസ് വെർമി കംപോസ്റ്റ് (സംയുക്തം -ജില്ലാ പഞ്ചായത്ത്) |
| 5 | മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായ്മ | അടിസ്ഥാന ലബോറട്ടറി സൗകര്യം ഇല്ലായ്മ, അപൂർണ്ണമായ കമ്പ്യൂട്ടർ വൽക്കരണം | ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കുക, അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക (സംയുക്തം) |
| 6 | സാമൂഹ്യ നീതി | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതികൾ, ചലനശേഷിക്കുവ്, ബുദ്ധിവികാസത്തിനുള്ള പ്രശ്നങ്ങൾ, വരുമാന പ്രശ്നങ്ങൾ, വിദ്യാഭ്യാസ കുറവ്,അവഗണന | ഭിന്നശേഷിക്കാർക്ക് തരം തിരിച്ചുള്ള ഉപകരണ വിതരണം |
| 7 | ജാഗ്രതാ സമിതി രൂപീകരിക്കൽ | കുട്ടികളുടെയും സ്ത്രീകളുടെയും നേർക്കുള്ള ആക്രമണങ്ങളും കടന്നു കയറ്റവും | സമിതിയുടെ രൂപീകരണം |
| 8 | തൊഴിൽ പരിശീലനവും സംരംഭങ്ങളും | തൊഴിൽ സംരംഭങ്ങളുടെയും തൊഴിൽ ഗ്രൂപ്പുകളുടെയും അഭാവം | സാമ്പത്തിക സഹായം അനുവദിക്കൽ |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് തടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.10.2018 | 09/2018 | --- |
| അക്കൗണ്ടന്റ് ജനറൽ | 29.11.2014 – 12.12.2014 | 2009-10 മുതൽ 2013-14 | 13.1.2015 |

## 1-12 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ

എ) ബാങ്ക് റീകൺസിലിയേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.ബി.ടി തനത് ഫണ്ട് അക്കൗണ്ടിലെ പണമാക്കാത്ത ചെക്കുകളുടെ തുകയായ 18024 രൂപ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) തൻവർഷ കുടിശ്ശിക തുകകൾക്ക് Income and Expenditure അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സി) വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

ഡി) I-8 ലെ prior period items, receipt and payment schedule ൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇ) I-8 ലെ prior period income ആയ property tax on residential building ചെലവിനമായി കാണിച്ചിരിക്കുന്നു.

എഫ്) തൊഴിൽ നികുതി RP 1 ഷെഡ്യൂൾ പ്രകാരം 7,36,260/- രൂപയും I-1 ഷെഡ്യൂൾ പ്രകാരം 7,70,760/- രൂപയും ആണ്. വ്യത്യാസമുള്ള 34,500/- രൂപ പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പള ബില്ലിൽ നിന്നും കിഴിച്ചത് RP-1 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജി) Rent Collection Register ലെ തുകയും RP 43 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. Rent Collection രജിസ്റ്റർ പ്രകാരം rent receivable current demand 7,65,612/- രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം 7,60,116/- രൂപയും ആണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക – കുടിശ്ശിക തുക അടവാക്കി - ഓഡിറ് - ഇംപാക്ട്

വാമനപുരം ഗ്രാമപഞ്ചായത്തിനു കീഴിൽ 3,696/- രൂപ പ്രതിമാസ നിരക്കിൽ വാടകയ്ക്ക് നൽകിയിരുന്ന NSC-2 നമ്പർ കെട്ടിടത്തിന്റെ 2017 ജൂൺ മാസം മുതൽ 2018 മാർച്ച് മാസം വരെയുള്ള വാടക, കുടിശ്ശിക ആയതിനെ തുടർന്ന് വാടക രജിസ്റ്റർ പ്രകാരം വാടക കുടിശ്ശിക പിഴപലിശ ഉൾപ്പെടെ 40,004/- രൂപ അടവാക്കാൻ അവശേഷിച്ചിരുന്നതിൽ 05.02.2018-ലെ 117010104774 നമ്പർ രസീത് പ്രകാരം 38,512/- രൂപ മാത്രമാണ് അടവാക്കിയിരുന്നത്. ഈ വിഷയത്തിൽ 16.11.2018ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയുടെ അടിസ്ഥാനത്തിൽ അവശേഷിച്ച 1,492/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്.

### 2-2 ഡി ആന്റ് ഓ ലൈസൻസ് -നടപടിക്രമങ്ങളിലെ അപാകതകൾ

ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ള ചില സ്ഥാപന ഉടമകൾ അപൂർണ്ണമായ അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കട ഉടമയുടെ പേര് | വ്യാപാര സ്ഥാപനം | വാർഡ് നമ്പർ | അപാകത |
|---|---|---|---|
| ശ്രീ.എസ്.സുരേന്ദ്രൻനായർ | സ്റ്റേഷനറി | IX/ 408 | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിട്ടില്ല |
| ശ്രീ.പി.സഞ്ചു, ആവാസ് | ട്രാവൽ ഏജൻസി | IV/467 | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിട്ടില്ല |
| ശ്രീ.ഗോപിനാഥൻ നായർ | പാൻ ഷോപ്പ് | VI/ 365 | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിട്ടില്ല |
| ശ്രീ.എസ്.ഷൈജു | വർക്ക് ഷോപ്പ് | IV/184 A | അപേക്ഷയിൽ പ്രതിദിന വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീമതി.ഷൈലജ.എസ് | -- | VII/ 11 | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീ.ഉണ്ണി.എസ് | സലൂൺ | IV/ 499 | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| ശ്രീമതി.ശൈലജവിജയൻ | പെട്രോൾ പമ്പ് | IV/ 444 B | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീമതി.സാജിദ്.എം | വളം വ്യാപാരം | VIII/ 444 | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിട്ടില്ല. |
| ശ്രീ.കെ.എസ്.വിമൽരാജ് | സർവ്വീസ് സ്റ്റേഷൻ | IV/ | അപേക്ഷയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിട്ടില്ല. |

സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ശരാശരി വിറ്റുവരവ് എന്നിവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എപ്രകാരമാണ് നികുതി നിർണ്ണയം നടത്തിയതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 1/12.11.2018) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയില്ല.

## 2-3 രസീതുകളുടെ കൗണ്ടർ ഫോയിൽ പരിപാലിക്കുന്നതിലെ അപാകങ്ങൾ

വാമനപുരം ഗ്രാമപഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ഒടുക്ക് വിവരങ്ങളുടെ പരിശോധനയിൽ രസീതുകളുടെ കൗണ്ടർ ഫോയിൽ ബൈന്റ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നതിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കൗണ്ടർ ഫോയിലുകൾ ക്രമം തെറ്റി മാസങ്ങൾ ഇടകലർന്ന് കാണപ്പെടുന്നു. (ഉദാ. ഓഗസ്റ്റ് മാസത്തെ കൗണ്ടർ ഫോയിലുകൾ സെപ്റ്റംബർ മാസത്തിൽ ഉൾപ്പെട്ടിരിക്കുന്നു.)
2. 27.10.2018-ന് ഡേ ബുക്ക് പ്രകാരം കളക്ട് ചെയ്ത 27,503/- രൂപയുടെ രസീതുകളുടെ കൗണ്ടർ ഫോയിലുകൾ കണ്ടെത്താനായിട്ടില്ല.
3. 30.03.2018-ലെ 17010105601 രസീതിന്റെ കൗണ്ടർ ഫോയിൽ കണ്ടെത്താനായിട്ടില്ല.

രസീതുകളുടെ കൗണ്ടർ ഫോയിലുകൾ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും രസീത് നമ്പർ അടിസ്ഥാനമാക്കി കൗണ്ടർഫോയിലുകൾ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 ആരോഗ്യ കേരളം പുരസ്കാരം - തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

വാമനപുരം ഗ്രാമപഞ്ചായത്തിന് കേരള സർക്കാരിന്റെ 2015-16 വർഷത്തെ ആരോഗ്യ കേരളം പുരസ്കാരം ഇനത്തിൽ ലഭിച്ച 5,00,000/- രൂപ 29.06.2017-ൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ

(നം.57056735744, എസ്.ബി.ഐ. വാമനപുരം ) വരവ് വന്നെങ്കിലും ഓഡിറ്റ് തീയതി വരെയും തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. തുകയുടെ ചെലവ് സംബന്ധിച്ച സർക്കാർ നിർദ്ദേശം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/15.11.2018) ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3(9) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും, ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതത് വാർഡുകളിലുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ്, അപേക്ഷകരെക്കൂടി ക്ഷണിച്ചുകൊണ്ടുള്ള ഗ്രാമസഭാ യോഗത്തിൽ വച്ച് സൂക്ഷ്മ പരിശോധന നടത്തേണ്ടതും, മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമം അനുവർത്തിക്കാതെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയിരിക്കുന്നു. 31-03-2017 ലെ എ1/388/ 2018-ാം നമ്പർ കത്തിൽ "2016-17, 2017-18 വർഷങ്ങളിലായി നിർവ്വഹണം നടത്തിയ വിവിധ വ്യക്തിഗത പദ്ധതികൾക്ക് പര്യാപ്തമായ ഗുണഭോക്താക്കൾ ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്തതിനാൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് നിർവ്വഹണോദ്യോഗസ്ഥരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകുകയും അടുത്ത ഗ്രാമസഭയിൽ അംഗീകരിക്കുകയും ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ആയതിനാൽ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മൂന്ന് ദിവസങ്ങൾക്കകം ടി.ലിസ്റ്റ് പഞ്ചായത്തിൽ എത്തിക്കേണ്ടതാണ് " എന്ന് വി.ഇ.ഓ, കൃഷി ഓഫീസർ, വെറ്റിനറി സർജൻ, അസി.സെക്രട്ടറി എന്നിവരെ അറിയിച്ചിരുന്നു. ഇതിൽ നിന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമല്ല ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. വ്യക്തിഗത ആനുകൂല്യത്തിനുള്ള അപേക്ഷാ ഫോറത്തിൽ പരിശോധനാ സമിതി റിപ്പോർട്ട്, ഗ്രാമസഭാ തീരുമാനം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാമനപുരം ഗ്രാമപഞ്ചായത്തിന്റെ I, VIII വാർഡുകളുടെ ഭവന നിർമ്മാണ പ്രോജക്ടിന്റെ വ്യക്തിഗത അപേക്ഷകളാണ് പരിശോധിച്ചത്. ആയതിൽ അപേക്ഷകന് ലഭിച്ച മാർക്കും മുൻഗണനാ മാനദണ്ഡങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

### 3-2 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ദാരിദ്ര്യലഘൂകരണം, ചെറുകിട വ്യവസായം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ വാർഡ് അടിസ്ഥാനത്തിലാണ് മീറ്റിംഗ് കൂടിയിട്ടുള്ളത്. അജണ്ട രേഖപ്പെടുത്തുന്നില്ല. മിനിട്സ് ക്ലോസ് ചെയ്ത് ചെയർമാനും കൺവീനറും ഒപ്പിട്ടിട്ടില്ല. ദുരന്ത നിവാരണത്തിന് പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രധാന വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് | വർക്കിംഗ് ഗ്രൂപ്പ് | നടപടി |
|---|---|---|

| കമ്മിറ്റി | മേഖലകൾ | |
|---|---|---|
| ധനകാര്യം | പൊതുഭരണം-കണക്കുകളും രേഖകളും തയ്യാറാക്കൽ | 24-05-2017 ലെ കമ്മിറ്റി ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. കേവലം ഹാജർ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| വികസനം | 1.കൃഷിയും അനുബന്ധമേഖലയും<br>2.മൃഗ സംരക്ഷണം<br>3.പൊതുമരാമത്ത്<br>4.പ്രാദേശിക സാമ്പത്തിക വികസനം | സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുന്നില്ല. മൃഗ സംരക്ഷണം- ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നില്ല. |
| ക്ഷേമകാര്യം | 1.ദാരിദ്ര്യ ലഘൂകരണം<br>2. സാമൂഹ്യക്ഷേമം<br>3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം<br>4. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം | നിർദ്ദേശങ്ങൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. |

## 3-3 സേവാ ഗ്രാമകേന്ദ്രങ്ങൾ– പ്രവർത്തനം വിലയിരുത്തലിന് വിധേയമാക്കണം

ഗ്രാമസഭാംഗങ്ങളുടെ ഒത്തു ചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്റ്റൻഷൻ കേന്ദ്രമായും വിവിധ ചുമതലകൾ വാർഡ് തലത്തിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നും ഗ്രാമകേന്ദ്രം പ്രവർത്തന മാർഗ്ഗരേഖയിൽ ജി.ഓ(എം.എസ്) /112/2014/തസ്വഭവ തീയതി 25-06-2014 നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരു വാർഡിൽ മാത്രമേ ഗ്രാമകേന്ദ്രം പ്രവർത്തിക്കുന്നുള്ളൂ. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-4 ജലശ്രീ-ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | - S0060/18 |
| പ്രോജക്ടിന്റെ പേര് | - ജലശ്രീ- ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ |
| അടങ്കൽ | - 1,00,000 |
| ചെലവ് | - 1,00,000 |
| ബിൽ നമ്പർ | - 01/27-11-2017 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ ജലശ്രീ പ്രോജക്ടിന്റെ ഭാഗമായി 1,00,000/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയെങ്കിലും നാളിതുവരെ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ജലസേചന പമ്പ് സെറ്റ് - ലക്ഷ്യം കൈവരിച്ചില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

എ) പ്രോജക്ട് നമ്പർ -S0062/18

| | |
|---|---|
| പ്രോജക്ടിന്റെ പേര് | - കളമച്ചൽ ഏല ജലസേചന പമ്പ് സെറ്റ് |
| അടങ്കൽ | - 4,30,000 |
| ചെലവ് | - 4,27,434 |
| ബിൽ നമ്പർ | - 13/17-18 |

ബി) പ്രോജക്ട് നമ്പർ – 61/18

| | |
|---|---|
| പ്രോജക്ടിന്റെ പേര് | - വാമനപുരം ഏലാ പമ്പ് സെറ്റ് |
| അടങ്കൽ | - 4,00,000 |
| ചെലവ് | - 4,00,000 |
| ബിൽ നമ്പർ | - 07/06-01-18 |

മേൽ പ്രോജക്ടുകൾ പ്രകാരം രണ്ട് പമ്പ്സെറ്റുകൾ വാങ്ങി യഥാക്രമം കളമച്ചൽ ഏലായിലും വാമനപുരം ഏലായിലും സ്ഥാപിച്ചു. പമ്പ് സെറ്റുകൾ വിതരണം ചെയ്ത റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല. സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡർ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പമ്പ് സെറ്റുകളോടോപ്പം അവയുടെ ഇൻസ്റ്റലേഷൻ, വൈദ്യുതി സംവിധാനം നൽകി പ്രവർത്തനക്ഷമമാക്കൽ എന്നിവയ്ക്കായി തുക വകയിരുത്തുകയോ മേൽ പ്രവൃത്തികൾ നാളിതുവരെ നടത്തുകയോ ചെയ്തിട്ടില്ല. നിലവിൽ രണ്ട് പമ്പ്സെറ്റുകളും പ്രവർത്തനക്ഷമമാക്കാതെ ഇതിനായി നിർമ്മിച്ച ഷെഡുകളിൽ (പാടശേഖരത്തിന് സമീപത്തുള്ള) സൂക്ഷിച്ചിരിക്കുകയാണ്. പ്രോജക്ട് നാളിതുവരെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക 8,27,434/- രൂപ തടസ്സപ്പെടുത്തുന്നു. കാർഷിക വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഫലപ്രദവും സമയബന്ധിതവുമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 3-6 കുടിവെള്ള ടാപ്പുകളുടെ പരിപാലനം- സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് കുടിവെള്ള ടാപ്പുകളുടെ പരിപാലനത്തിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച് അവലോകനം നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. (അവലംബം മിനിട്സ്). വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-7 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-8 ജാഗ്രതാ സമിതി- പ്രവർത്തനം തൃപ്തികരമല്ല

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിതസുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തിപ്പിടിക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിന് വേണ്ടി സ്ത്രീപക്ഷ കാഴ്ചപ്പാടോടു കൂടി പ്രവർത്തിക്കുന്ന സംവിധാനമാണ് ജാഗ്രതാസമിതി (സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)നം39/2004/എസ്.ഡബ്ല്യൂ.ഡി തീയതി 28-05-2004) എന്നാൽ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. വാർഡ് തല സമിതി, പരാതിപ്പെട്ടി, ഇവയൊന്നും ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വരും വർഷങ്ങളിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പത്താംക്ലാസ്/ഹയർസെക്കണ്ടറി തുല്യതാ പരീക്ഷ, പരീക്ഷാ രേഖകൾ ഹാജരാക്കിയിട്ടില്ല- 98400 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | - 105/17-18 (എസ്.ഒ) |
| പ്രോജക്ടിന്റെ പേര് | - സമ്പൂർണ്ണ സാക്ഷരത, തുടർപ്രവർത്തനം |
| അടങ്കൽ | - 1,00,000 |
| ചെലവ് | - 98,400 |
| ബിൽ നമ്പർ | - 3/17-18 തീയതി 7.1.2018 , 4/17-18 തീയതി 7.1.2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | - അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പറഞ്ഞ പ്രോജക്ടിൽ ഉൾപ്പെടുത്തി പത്താം തരം, ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷാ ഫീസ് ആയി 98400 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് 24 പരീക്ഷാർത്ഥികൾക്കായി 2250 നിരക്കിൽ 54,000/- രൂപ യൂക്കോ ബാങ്ക് പുത്തൻ ചന്ത ബ്രാഞ്ചിലേക്കും പത്താം ക്ലാസ് തുല്യതാ പരീക്ഷയ്ക്കായി 24 പരീക്ഷാർത്ഥികൾക്ക് 1,850/- രൂപ നിരക്കിൽ 36,000/- രൂപയും എസ്.ബി.ഐ ശാസ്തമംഗലം ബ്രാഞ്ചിലേക്കും കൈമാറിയിട്ടുണ്ട്. 8400/- രൂപ തനത് ഫണ്ട് വിഹിതമായി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമല്ല. മേൽ പറഞ്ഞ 48 പരീക്ഷാർത്ഥികളുടെ പരീക്ഷാ ഹാൾടിക്കറ്റോ മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ ഈ പ്രോജക്ട് ഉദ്ദേശ ലക്ഷ്യം കൈവരിച്ചോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 4ന്) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 98400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ബയോഗ്യാസ് പ്ലാന്റ് -ലക്ഷ്യം കൈവരിച്ചില്ല

2,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് തൻവർഷം ബയോഗ്യാസ് പ്ലാന്റിന് മെയിന്റനൻസ് നടത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് സമീപമുള്ള പൊതുമാർക്കറ്റ് പരിസരത്ത് നിർമ്മിച്ച പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്ന് പരിശോധനയിൽ കണ്ടെത്താൻ സാധിച്ചു. പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നുള്ള മറുപടിയാണ് പഞ്ചായത്തിൽ നിന്നും ലഭിച്ചത്. നിലവിൽ വാമനപുരം പൊതുമാർക്കറ്റിലെയും പൊതുജനങ്ങൾ നിക്ഷേപിക്കുന്ന മാലിന്യങ്ങളും വാമനപുരം ആറിന്റെ പരിസരത്ത് നിക്ഷേപിച്ച് ജലമലിനീകരണത്തിന് കാരണമാകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

എക്സ്ട്രാ ഐറ്റം ഇനത്തിൽ ചെയ്ത Random Rubble masonry with hard stone in foundation and plinth including levelling up with cement concrete 1:6:12 എന്ന പ്രവൃത്തിയുടെ ഒരു ഭാഗം തകർന്ന

അവസ്ഥയിലാണ്. പ്രസ്തുത പ്ലാന്റ് എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും മരാമത്തു വിഭാഗത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 3-11 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലുംനടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം, പ്ലാസ്റ്റിക് ക്യാരി ബാഗുകളിലും മൾട്ടി ലെയർ പാക്കുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000/- രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ഫീസിനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.09.2014 ലെ 576/ഡി.സി 1/16 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മാലിന്യ നിർമ്മാർജ്ജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് പറയുന്നു. അത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിന്മേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-12 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നില്ല

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന വിഷയമാണ് കുടിവെള്ളം, ശുചിത്വം എന്നിവ. പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ സമസ്ത ജനങ്ങളും കുടിവെള്ള ക്ഷാമം നേരിടുകയാണെന്ന് പറയുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി തൻവർഷം രണ്ട് കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, | നമ്പർ | അടങ്കൽ |
|---|---|---|---|
| 1 | ചാരുപാറ കുടിവെള്ള പദ്ധതി | 124/18 | 25,00,000 |
| 2 | കതിരുവിള പാലമുക്ക് മുളമുക്ക് കുടിവെള്ള പദ്ധതി | 132/18 | 10,00,000 |

സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്ന തീവ്രതയായി അതീവ ഗുരുതര ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പ്രശ്നത്തിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാത്തത് ആരോഗ്യ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 67200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 586000 | 8600 |
| | | 500000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 500000 |
| | | 17000 | നെൽകൃഷി-കൂലിചെലവ് സബ്സിഡി | 17000 | 0 |
| | | 212500 | കരനെൽകൃഷി-കൂലിചെലവ് സബ്സിഡി | 212500 | 0 |
| | | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | 291500 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 291500 | 0 |
| തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 200000 |
| | 2017-18 | 291500 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 291500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 4026820 | 4026820 | 0 |
| | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 211044 | 211012 | 32 |
| | എസ്.സി കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 324000 | 320000 | 4000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 258329 | 258329 | 0 |
| | | 163012 | 163012 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് വായ്പ തിരിച്ചടവ് | ജി.ഓ(ആർ.ടി) നം.207/2018 /lsgd | 12291000 | 4187300 | 1843862 | 234342 | 2343438 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 5.7.12 | 2014-15 | 5.7.12 | പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി ലക്ഷ്യം നേടുന്നില്ല | ജി.ഓ(എം.എസ്) 80/17/തസ്വഭവ തീയതി 03.04.2017 മാർഗ്ഗരേഖ അനുസരിച്ച് ഈ വിഷയത്തിന് പരിഹാരം ഉണ്ടാക്കിയിട്ടുള്ളതാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) *സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60213275.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61607659.00 |
| വരവിനത്തിലെ നഷ്ടം | : | 0.00 |
| ചെലവിനത്തിലെ നഷ്ടം | : | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 180834.00 |

ബി) *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

സി) *ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 82434 | ശ്രീമതി സുജ. എസ്. എൽ. , കൃഷി ഓഫീസർ |
| 3-9 | 98400 | ശ്രീ. അനിത കുമാർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/874/18 തീയതി 08-05-2018 | 1-3, 1-4, 1-5, 2-4, 6-1, 6-2, 6-3, 7-8 |
| 2001-02 | | 1-3, 1-6, 2-6, 2-7 |
| 2003-04 | | 2-8, 2-9, 3-4, 3-7, 3-8 |
| 2004-05 | | 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-18 (1), 3-18 (2), 3-19, 3-20 |
| 2014-15 | | 2-1, 3-1, 3-2, 3-3, 3-5, 3-7 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

edited BL

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്